**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 496** | **08-11-2021 - ൽ മറുപടിയ്ക്ക്**

**കിൻഫ്രയുടെ സേവനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ),<br>ഡോ.കെ.ടി.ജലീൽ,<br>ശ്രീ. കെ. പ്രേംകുമാർ,<br>ശ്രീമതി ശാന്തകുമാരി കെ. | | **Shri. P. Rajeeve**<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തിന്റെ വ്യവസായ വികസനം സാധ്യമാക്കുന്നതിൽ കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ എന്തെല്ലാം സേവനങ്ങളും സംവിധാനങ്ങളുമാണ് സജ്ജമാക്കുന്നത്; വിശദമാക്കാമോ ; | (എ) | വ്യവസായങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് അടിസ്ഥാന സൗകര്യങ്ങളായ ജലം, വൈദ്യുതി, റോഡ്, വികസിപ്പിച്ച പ്ലോട്ടുകൾ എന്നിവ ഒരുക്കി വ്യവസായ പാർക്കുകൾ സ്ഥാപിച്ച് കിൻഫ്ര വ്യവസായ നിക്ഷേപങ്ങൾ ആകർഷിച്ചു കൊണ്ടിരിക്കുന്നു.ഇവ കൂടാതെ വ്യവസായ സംരംഭകർക്ക് ഏകജാലക സംവിധാനം വഴി വ്യവസായം സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട എല്ലാ അനുബന്ധ അനുമതികളും സമയബന്ധിതമായി ലഭിക്കുന്നതിനുള്ള സംവിധാനവും എല്ലാ വ്യവസായ പാർക്കുകളിലും നടപ്പിലാക്കിയിട്ടുണ്ട്.<br>സംസ്ഥാനത്തിന്റെ വ്യവസായ വികസനം സാധ്യമാക്കുന്നതിൽ കിൻഫ്ര നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു: കിൻഫ്ര അപ്പാരൽ പാർക്ക്, തിരുവനന്തപുരം. കിൻഫ്ര എക്സ്പോർട്ട് പ്രൊമോഷൻ ഇൻഡസ്ട്രിയൽ പാർക്ക്, എറണാകുളം കിൻഫ്ര ഫിലിം ആൻറ് വീഡിയോ പാർക്ക്, തിരുവനന്തപുരം കിൻഫ്ര ഭക്ഷ്യ സംസ്കരണ പാർക്ക്, മലപ്പുറം ഭക്ഷ്യ സംസ്കരണ പാർക്ക്, അടൂർ ചെറുകിട വ്യവസായ പാർക്ക്, തിരുവനന്തപുരം ചെറുകിട വ്യവസായ പാർക്ക്, കുന്നന്താനം, പത്തനംതിട്ട ചെറുകിട വ്യവസായ പാർക്ക്, അടൂർ, പത്തനംതിട്ട ചെറുകിട വ്യവസായ പാർക്ക്, മഴവന്നൂർ, എറണാകുളം ചെറുകിട വ്യവസായ പാർക്ക്, കൊരട്ടി, തൃശ്ശൂർ ചെറുകിട വ്യവസായ പാർക്ക്, തലശ്ശേരി, കണ്ണൂർ ചെറുകിട വ്യവസായ പാർക്ക്, വയനാട് ചെറുകിട വ്യവസായ പാർക്ക്, കാസർഗോഡ് കിൻഫ്ര ഹൈടെക് പാർക്ക്, കളമശ്ശേരി, എറണാകുളം ഇലക്ട്രോണിക്സിനായുള്ള പ്രത്യേക സാമ്പത്തിക മേഖല, കളമശ്ശേരി, എറണാകുളം ടെക്സ്റ്റൈൽ സെന്റർ, നാട്ടുകാണി, കണ്ണൂർ |

| | | | |
|---|---|---|---|
| | | | ഇൻറഗ്രേറ്റഡ് ഇൻഡസ്ട്രിയൽ ആൻറ് ടെക്സ്റ്റൈൽ പാർക്ക്, കഞ്ചിക്കോട്, പാലക്കാട് കിൻഫ്ര വ്യവസായ പാർക്ക്, പിറവണ്ണൂർ, കൊല്ലം വ്യവസായ പാർക്ക്, ഒറ്റപ്പാലം, പാലക്കാട് ഭക്ഷ്യ സംസ്കരണത്തിനായി പ്രത്യേക സാമ്പത്തിക മേഖല, മലപ്പുറം ഐ.ടി/ഐ.ടി അധിഷ്ഠിത പ്രത്യേക സാമ്പത്തിക മേഖല, കിൻഫ്ര ഫിലിം ആന്റ് വീഡിയോ പാർക്ക്, തിരുവനന്തപുരം ഗ്ലോബൽ ആയുർവ്വേദ വില്ലേജ്, തോന്നയ്ക്കൽ, തിരുവനന്തപുരം – ഒന്നാം ഘട്ടം കിൻഫ്ര ആവിഷ്കരിച്ച നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന വികസന പദ്ധതികൾ താഴെ പറയുന്നവയാണ്. കൊച്ചി ബാംഗ്ലൂർ വ്യവസായ ഇടനാഴി: പാലക്കാട്-കൊച്ചി നോഡുകൾ പെട്രോകെമിക്കൽ പാർക്ക്, എറണാകുളം മെഗാഫുഡ് പാർക്ക്, പാലക്കാട് ഡിഫെൻസ് പാർക്ക്, ഒറ്റപ്പാലം, പാലക്കാട് ഇലക്ട്രോണിക്സ് മാനുഫാക്ചറിംഗ് ക്ലസ്റ്റർ, കാക്കനാട്, എറണാകുളം കിൻഫ്ര വ്യവസായ പാർക്ക്, മട്ടന്നൂർ സ്പൈസസ് പാർക്ക്, ഇടുക്കി ഇൻറഗ്രേറ്റഡ് റൈസ് ടെക്നോളജി പാർക്ക്, ആലപ്പുഴ, പാലക്കാട് ഐ.ടി/ഐ.ടി അധിഷ്ഠിത പ്രത്യേക സാമ്പത്തിക മേഖല, കിൻഫ്ര ഫിലിം ആന്റ് വീഡിയോ പാർക്ക്, തിരുവനന്തപുരം രണ്ടാംഘട്ട വികസനം. ബഹുനില ഫാക്ടറി കെട്ടിട സമുച്ചയം, കാക്കഞ്ചേരി, മലപ്പുറം |
| (ബി) | പാലക്കാട് ജില്ലയിലെ ഒറ്റപ്പാലത്ത് കിൻഫ്ര സജ്ജമാക്കിയ ഡിഫൻസ് പാർക്കിൽ പ്രതിരോധ മേഖലയ്ക്കും വ്യവസായ വികസനത്തിന്റെ ഭാഗമായി ചെറുകിട സംരംഭകർക്കും ആവശ്യമായ എന്തെല്ലാം സൗകര്യങ്ങളാണ് ലഭ്യമാക്കുക എന്ന് വിശദമാക്കാമോ; | (ബി) | പാലക്കാട് ജില്ലയിലെ ഒറ്റപ്പാലത്ത് 60 ഏക്കർ സ്ഥലത്ത് കേന്ദ്ര വാണിജ്യ മന്ത്രാലയത്തിന്റെ Modified Industrial Infrastructure Upgradation പദ്ധതി പ്രകാരം ലഭിച്ച 50 കോടി രൂപ ധനസഹായത്തോടു കൂടി ഒരു ഡിഫെൻസ് പാർക്ക് സ്ഥാപിച്ചു. 130.94 കോടി രൂപയാണ് പദ്ധതിയുടെ ആകെ ചിലവ്. പ്രസ്തുത പാർക്കിന്റെ അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട് റോഡ്, 72406 ചതുരശ്ര അടി വിസ്തീർണ്ണമുള്ള അഡ്മിനിസ്ട്രേറ്റീവ് ബിൽഡിംഗ്, 266154 ചതുരശ്ര അടി വിസ്തീർണ്ണമുള്ള കോമൺ ഫെസിലിറ്റി സെന്റർ, 27342 ചതുരശ്ര അടി വിസ്തീർണ്ണമുള്ള വെയർ ഹൗസുകൾ, 9066 ചതുരശ്ര അടി വിസ്തീർണ്ണമുള്ള കോമൺ യൂറ്റിലിറ്റി സെന്റർ, വൈദ്യുതി, ജലം എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ എല്ലാം പൂർത്തീകരിച്ചു കഴിഞ്ഞു. പാർക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയും 2 സംരംഭകർക്കായി ഭൂമി അലോട്ട് ചെയ്യുകയും ചെയ്തിട്ടുണ്ട്. കൂടാതെ അഡ്മിനിസ്ട്രേറ്റീവ് ബിൽഡിംഗിൽ 3 സംരംഭകരുടെ സംരംഭങ്ങളുടെ പൂർത്തീകരണം വിവിധ ഘട്ടങ്ങളിൽ ആണ്. |

| | | | |
|---|---|---|---|
| (സി) | കർഷകരുടെ ഉല്പന്നങ്ങൾക്ക് മികച്ച വിപണന സാധ്യതകളും ഉപഭോക്താക്കൾക്ക് ഗുണമേന്മയുള്ള ഭക്ഷണപദാർത്ഥങ്ങളും ലഭ്യമാക്കുന്നതിന് കിൻഫ്ര പാലക്കാട് ആസ്ഥാനമായി തയ്യാറാക്കിയ മെഗാ ഫുഡ് പാർക്കിന്റെ പ്രവർത്തനം വിശദമാക്കാമോ; ഇത് എന്തെല്ലാം മാറ്റങ്ങൾ ഉണ്ടാക്കുമെന്ന് വിശദമാക്കാമോ? | (സി) | പാലക്കാട് ജില്ലയിൽ 79 ഏക്കർ ഭൂമിയിൽ കിൻഫ്ര 119.02 കോടി രൂപ ചെലവഴിച്ച് ഒരു മെഗാ ഫുഡ് പാർക്ക് സ്ഥാപിച്ചിട്ടുണ്ട്. പ്രസ്തുത പാർക്കിൽ അടിസ്ഥാന സൗകര്യങ്ങളായ ജലം, വൈദ്യുതി, വികസിപ്പിച്ച റോഡുകൾ എന്നിവ കൂടാതെ പ്രത്യേക അടിസ്ഥാന സൗകര്യങ്ങളായ, കോൾഡ് സ്റ്റോറേജ്, Ripening Chamber, pack house വെയർ ഹൗസ്, സുഗന്ധവ്യഞ്ജന സംസ്കരണ സംവിധാനം, ഗുണനിലവാര ലാബുകൾ എന്നീ സൗകര്യങ്ങളും വികസിപ്പിച്ചിട്ടുണ്ട്. ഇതുവഴി വ്യവസായ സംരംഭകർക്ക് അവരുടെ വ്യവസായം ആരംഭിക്കുന്നതിനുള്ള എല്ലാ പൊതു അടിസ്ഥാന സൗകര്യങ്ങളും കിൻഫ്ര ലഭ്യമാക്കിയിട്ടുണ്ട്. കേന്ദ്ര ഭക്ഷ്യ മന്ത്രാലയത്തിൻറെ മെഗാഫുഡ് പാർക്ക് സ്കീമിൽ ഉൾപ്പെടുത്തി 50 കോടി രൂപ ധന സഹായത്തോടു കൂടിയാണ് പ്രസ്തുത പാർക്ക് സ്ഥാപിച്ചിട്ടുള്ളത്. പാർക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയും വിവിധ സംരംഭകർക്കായി ഭൂമി അലോട്ട് ചെയ്യുകയും ചെയ്തിട്ടുണ്ട്. 40 വ്യവസായ സംരംഭങ്ങളുടെ പ്രവർത്തനം വിവിധ ഘട്ടങ്ങളിൽ പുരോഗമിച്ചു വരുന്നു. ഭക്ഷ്യസംസ്കരണ മേഖലയിൽ മൂല്യവർദ്ധന ഉല്പന്നങ്ങളുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യമിട്ട് കൊണ്ടാണ് മെഗാഫുഡ് പാർക്ക് സ്ഥാപിതമായിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ